
# പാതമുകളിലെ വീടുകൾ

കെ. വി. അനൂപ്



ചിത്രീകരണം: സുസ്മേഷ് ചന്ത്രോത്ത്

**തെറ്റില്ലാത്ത** ഒരു ഇടത്തരം വീട് എന്ന സ്വപ്നവുമായി നടക്കുന്ന ആർക്കും ഗോവിന്ദനുണ്ണിയെ സമീപിക്കാവുന്നതാണ്. വീടിന്റെ ഈടും ഭംഗിയും ഉറപ്പുവരുത്തിക്കൊണ്ടുതന്നെ നിർമ്മാണച്ചെലവ് എങ്ങനെ പരമാവധി കുറയ്ക്കാം എന്ന കാര്യത്തിൽ സൗജന്യമായി ഉപദേശനിർദ്ദേശങ്ങൾ കൊടുക്കാൻ അയാൾക്ക് സന്തോഷമേയുള്ളൂ. യാതൊരു മുൻപരിചയവുമില്ലാത്ത ചിലരടക്കം പത്തുപതിനഞ്ചു പേർക്ക് ഗൃഹനിർമ്മാണത്തിന്റെ സാങ്കേതിക-സാമ്പത്തിക വശങ്ങളെക്കുറിച്ചുള്ള സ്റ്റഡി ക്ലാസ്സുകൾ ഗോവിന്ദനുണ്ണി ഇതിനകം നൽകിക്കഴിഞ്ഞു. ഇതിൽ രണ്ടു വീടുകളുടെ പണിക്ക് മേൽനോട്ടം വഹിച്ചതും ഗോവിന്ദനുണ്ണി തന്നെ.

സ്വന്തം വീടുപണിയും അതിനു മുന്നോടിയായി നടത്തിയ ഗൃഹപാഠങ്ങളുമാണ് ഗോവിന്ദനുണ്ണിയെ ഇതിന് പ്രാപ്തനാക്കിയത്. അങ്ങനെയാണ് അയാൾ എല്ലാവരോടും പറയാറ്. എന്നാൽ ഭാര്യ ബിന്ദുവിനോടുമാത്രം അയാൾ ഇടയ്ക്കിടെ പറയാറുള്ള ഒരു രഹസ്യമുണ്ട്. തന്നെ ഇന്നത്തെ നിലയിലെത്തിച്ചത് അവളാണ്, ദെച്ചൂട്ടി. രാമൻകുട്ടി മാഷുടെ മകൾ ലക്ഷ്മി.

മൂക്കിനുതാഴെ രോമം മുളച്ചു തുടങ്ങിയ കാലത്ത് മനസ്സിൽ കയറിപ്പറ്റിയവൾ. അവളെ സ്വന്തമാക്കാൻ വേണ്ടിയാണ് തെങ്ങുകെട്ടുകാരൻ ചാത്തുവിന്റെ മകൻ കഷ്ടപ്പെട്ടു പഠിച്ച് സർക്കാർ ഉദ്യോഗസ്ഥനായത്. എന്നിട്ടും അവൾ സ്വന്തമായില്ല.

''ഇന്ന കെട്ടീറ്റ് ഓനേട്ത്തേക്കാ കൊണ്ടോവ്വാ? അതൊരു വീടാ? ആട നിന്ന് തിരിയാൻ എടോണ്ടോ?"

രാമൻകുട്ടി മാഷ് ചോദിച്ചപ്പോൾ അത് ശരിയാണല്ലോ എന്ന് ദെച്ചൂട്ടിക്കും തോന്നിയത്രെ.

ആലോചിച്ചു നോക്കിയപ്പോൾ സ്വന്തം വീടിന്റെ പരിമിതികൾ ഗോവിന്ദനുണ്ണിക്കും ബോദ്ധ്യം വന്നു. ഇത്തിരിപ്പോന്ന രണ്ടുമുറികൾ. ഒന്നിൽ അച്ഛനും അമ്മയും. മറ്റതിൽ രണ്ടനിയത്തിമാർ. കോലായ്യ്യകത്തെ ഡൈനിങ്ങ് ടേബിളാണ് രാത്രിയാവുമ്പോൾ തന്റെ കട്ടിലായി മാറുന്നത്. ദെച്ചൂട്ടിയെ കൊണ്ടുവരുമ്പോൾ അനിയത്തിമാരുടെ മുറി കൈവശപ്പെടുത്തേണ്ടിവരും. എന്നാൽത്തന്നെ സ്വസ്ഥമായൊന്ന് മിണ്ടാനും പറയാനും പറ്റുമോയെന്ന് സംശയം. ഒന്നു മൂത്രമൊഴിക്കണമെങ്കിൽ കൂടി വീടിനു പുറത്തിറങ്ങണം.

വീടിന് ഒരു മുറികൂടിയെടുക്കാനുള്ള തീരുമാനം ഗോവിന്ദനുണ്ണി പിന്നൊട്ടും വൈകിച്ചില്ല. പക്ഷേ അതിന്റെ പണി തീർന്നു എന്നായപ്പോഴേക്കും പെരിങ്ങത്തൂരിൽ നിന്നുള്ള ഗൾഫുകാരന്റെ ആലോചനയ്ക്ക് ദെച്ചൂട്ടി സമ്മതം മൂളിക്കഴിഞ്ഞിരുന്നു. അതറിഞ്ഞ നിമിഷത്തിലാണ് ജീവിതത്തിന്റെ ലക്ഷ്യവും അർത്ഥവുമൊക്കെ എല്ലാ സൗകര്യങ്ങളുമുള്ള ഒരു വീടാണെന്ന് ഗോവിന്ദനുണ്ണിക്ക് തിരിച്ചറിവുണ്ടായത്.

തെങ്ങിൽനിന്നു വീണ് നടു തകർന്ന് ചാത്തു പോയി. അനിയത്തിമാരെ കെട്ടിച്ചയച്ചതോടെ ഗോവിന്ദനുണ്ണിയുടെ നടുവും ഒടിഞ്ഞു. സർക്കാർ ഗുമസ്തന്റെ ശമ്പളം കൊണ്ട് വീടുപണി പോയിട്ട് കടം വീട്ടൽ പോലും നടക്കില്ലെന്ന് ബോദ്ധ്യമായി. അന്നേരത്താണ് റഫീഖിന്റെ വരവ്. പത്താം ക്ലാസ്സുവരെ ഒന്നിച്ചു പഠിച്ചതാണ്. 210 തികയാത്തതിനാൽ പഠിപ്പുവിട്ടു. ഏതോ ബന്ധുവിന്റെ സഹായം കൊണ്ട് ഗൾഫിലെത്തി. ഇപ്പോൾ നല്ല നിലയിലാണ്.

"വീട്ടുകാരുടേയും നാട്ടുകാരുടേയും കാര്യം മാത്രം ആലോചിച്ചു നടന്നാൽ മതിയോ?" അവന്റെ ചോദ്യം. "നിനക്കും വേണ്ടേ ഒരു കുടുംബം? എവിടെയങ്കിലും കുറച്ചു സ്ഥലം വാങ്ങി കൊള്ളാവുന്നൊരു വീടുണ്ടാക്കണ്ടേ?"

ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞതും റഫീഖ് തന്നെയാ

യിരുന്നു. ഇഞ്ഞി എന്റെ കൂടെ വാ!

അഞ്ചു കൊല്ലത്തേക്ക് അവധി വാങ്ങി വിമാനം കയറി. റഫീഖിന്റെ പച്ചക്കറിക്കടയിൽ കാഷ്യർ. അവന്റെ ഫ്ളാറ്റിൽ തന്നെ താമസവും ഭക്ഷണവും. സുഖമുള്ള ജോലി. സുഖമുള്ള ജീവിതം.

നാട്ടിലേക്കുള്ള ആദ്യവരവിൽ തന്നെ വീടിനടുത്ത് റോഡരികിൽ പതിനഞ്ച് സെന്റ് സ്ഥലം കച്ചവടമാക്കി. പിന്നത്തെ വരവിന് വീടുപണി തുടങ്ങണമെന്ന് കരുതിയതാണ്. പക്ഷേ അമ്മയുടെ നിർബന്ധം കാരണം സ്കൂൾ ടീച്ചറായ ബിന്ദുവിനെ കല്ല്യാണം കഴിച്ച് രണ്ടുമാസത്തെ മധുവിധുവും ആഘോഷിച്ച് തിരിച്ചുപോകേണ്ടിവന്നു.

മോൾക്ക് ഒരു വയസ്സായപ്പോഴാണ് പിന്നെ നാട്ടിലെത്തുന്നത്. വീടിന് തറകെട്ടിയശേഷം യാത്രയ്ക്കൊരുങ്ങിയപ്പോൾ, ബിന്ദുവിന്റെ അച്ഛൻ മുഖം കറുപ്പിച്ചു.

"പണം സമ്പാദിക്കാമ്പേണ്ടി മാത്രാ ജീവിക്ക്ന്നേങ്കില് ഇഞ്ഞ്യെന്തിനാടോ മങ്ങലം കയിച്ചത്?"

ആ ചോദ്യം ചെവിപ്പുറത്തിരുന്ന് അലോസരപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ പ്രവാസം നീട്ടിക്കൊണ്ടുപോവാൻ കഴിഞ്ഞില്ല.

നാട്ടിലെത്തിയ ഉടനെ ഗോവിന്ദനുണ്ണി ലീവ് ക്യാൻസൽ ചെയ്ത് ജോലിയിൽ തിരികെ പ്രവേശിക്കുമെന്നായിരുന്നു ബിന്ദുവടക്കമുള്ളവർ കരുതിയത്. എന്നാൽ വീടുപണി പൂർത്തിയാക്കിയ ശേഷം മതി അത് എന്നായിരുന്നു അയാളുടെ തീരുമാനം. ഓരോ കല്ലുകല്ലായി വീടുയരുന്നത് മനസ്സിൽ എത്രമറി സങ്കല്പിച്ചിരിക്കുന്നു.

ആറുമാസം കൊണ്ട് വീടുപണി പൂർത്തിയാക്കാനായി. അത്രയും നാൾ ഊണും ഉറക്കവുമില്ലാതെ അതിനു പിന്നാലെ നടക്കുകയായിരുന്നു ഗോവിന്ദനുണ്ണി.

1500 സ്ക്വയർഫീറ്റ് വലുപ്പം. താഴെ ഒന്നും മുകളിൽ രണ്ടും ബെഡ്റൂമുകൾ. ആട്ടുകട്ടിലുള്ള വിശാലമായ സ്വീകരണമുറി. അടുക്കളയെ സ്വീകരണമുറിയിൽനിന്ന് വേർതിരിക്കാൻ ചുമരിനു പകരം കോൺക്രീറ്റിൽ തീർത്ത് മാർബിൾ പതിച്ച ഡൈനിങ്ങ് ടേബിൾ. അടുക്കളപ്പണിക്കിടെ തന്നെ ബിന്ദുവിന് സ്വീകരണമുറിയിലിരുന്ന് പഠിക്കുന്ന മകളെ ശ്രദ്ധിക്കാം. ടി.വി. കാണാം. വളരെ അടുപ്പമുള്ളവരല്ല അതിഥികളെങ്കിൽ കോലായയുടെ ഇടതു ഭാഗത്തുള്ള ഗസ്റ്റ്റൂമിന്റെ വാതിൽ തുറക്കാം. മുകളിൽ ബെഡ്റൂമുകൾക്കു പുറമെയുള്ള മുറി ഹോം തിയേറ്ററായാണ് സജ്ജീകരിച്ചിരിക്കുന്നത്. സിനിമ പണ്ടുമുതൽക്കേ ഗോവിന്ദനുണ്ണിയുടെ ദൗർബ്ബല്യമാണ്. സായാഹ്നങ്ങളിൽ കസേരയിട്ടിരിക്കാൻ പാകത്തിലാണ് ടെറസ്സിന്റെ മുൻഭാഗം.

വിഷുവിനോടടുപ്പിച്ച് നല്ലൊരു ദിവസം കണ്ട് ഗൃഹപ്രവേശനച്ചടങ്ങ് നടത്താൻ നിശ്ചയിച്ചു. സ്കൂളടച്ചാൽ കുട്ടികളെയും കൂട്ടി ദെച്ചൂട്ടി സ്വന്തം വീട്ടിൽ വരും. അവളെയും ചടങ്ങിന് ക്ഷണിക്കണമെന്ന് മനസ്സിലുറപ്പിച്ചു. രാമൻകുട്ടി മാഷുടെ വീട്ടിൽ കയറിച്ചെന്ന് ദെച്ചൂട്ടിയെ അഭിമുഖീകരിക്കുന്ന രംഗം ഭാവന ചെയ്ത് ആനന്ദവും പരിഭ്രമവും ഒന്നിച്ചനുഭവിക്കുന്നത് അക്കാലത്ത് ഗോവിന്ദനുണ്ണിയുടെ പതിവായിരുന്നു.

പാലു കാച്ചലിന് നല്ലനാൾ കുറിച്ചുവാങ്ങാൻ ഗോപാലപ്പണിക്കരെ കാണാനിറങ്ങിയ വഴിക്കാണ് താലൂക്കാപ്പീസിലെ ഹരിയെ കണ്ടത്.

"അല്ലാ, ഇഞ്ഞി വല്ലതും അറിഞ്ഞോ?"

വല്ല കൊലയോ ബോംബേറോ നടന്നിട്ടുണ്ടാവുമെന്നാണ് ഗോവിന്ദനുണ്ണി പെട്ടെന്നൂഹിച്ചത്.

"ഇല്ല അല്ലേ. എന്നാ ഒരു കാര്യം ചെയ്യ്. നല്ലോണം ഒന്നന്വേഷിക്ക്. എന്നിറ്റ് മതി വീടിന്റെ ബാക്കി പണ്യൊക്കെ."

ഒന്നന്ധാളിച്ചെങ്കിലും ഹരി തന്നെ സുയിപ്പിക്കാൻ പറയുന്നതാവുമെന്ന് പെട്ടെന്നു തന്നെ ഗോവിന്ദനുണ്ണി സമാധാനിച്ചു. പക്ഷേ അവന്റെ മുഖത്തെ ഭാവം, പറയുന്നത് ഗൗരവമുള്ള വിഷയം തന്നെയാണെന്ന് വെളിപ്പെടുത്തിയപ്പോൾ അയാളുടെ ഉള്ളുലഞ്ഞു.

"ഇഞ്ഞി കാര്യെന്തെന്ന് തെളിച്ച് പറ..."

"കാസർക്കോട്ട്ന്ന് തിരുവന്തരം വരെ പുതിയൊരു ഹൈവേ ഉണ്ടാക്കാൻ പോവ്വാന്ന്. പാച്ചപ്പൊയ്കേലൊക്കെ അയിന്റ സർവ്വേ കഴിഞ്ഞു. മൊകേരീല് സർവ്വേക്കാറ് വന്നപ്പം നാട്ടുകാര് തടഞ്ഞൂന്നാ കേട്ടത്. ഞാനറിഞ്ഞത് വച്ച് നോക്കുമ്പം ഈ വഴിക്കാ അതിന്റെ പോക്ക്. എന്റ്യേം ഇന്റ്യേം വീടൊക്കെ തട്ടിപ്പോകൂന്നുറപ്പാ..."

കാട്ടിമുക്കിലെത്തിയെങ്കിലും ഗോവിന്ദനുണ്ണി പണിക്കരുടെ വീട്ടിൽ കയറിയില്ല. കിട്ടിയ ബസ്സിൽ പാനൂരിലേക്കു വിട്ടു. പത്മാ ടാക്കീസിനടുത്ത് സ്റ്റേഷനറിക്കച്ചോടം നടത്തുന്ന മൊകേരിക്കാരൻ ഷാജി കോളേജിൽ ഒന്നിച്ചുണ്ടായിരുന്നതാണ്.

"കടേപ്രം തെരൂല് പാർട്ടിക്കാരും നാട്ടുകാരും കൂടി സർവ്വേക്കാരെ തടഞ്ഞത് നേരാ. കഴിഞ്ഞേസം കലട്രേറ്റിന്റെ നുമ്പില് ധർണ്ണ ഇണ്ടായിരുന്നു. ഇഞ്ഞി പേപ്പറില് വായിച്ചില്ലേ?"

അങ്ങനെയൊരു വാർത്ത കണ്ടിരുന്നതായി അപ്പോൾ ഗോവിന്ദനുണ്ണിക്ക് ഓർമ്മ വന്നു. ആരൊക്കെ എന്തൊക്കെ പ്പറഞ്ഞ് സമരോം ധർണ്ണേം നടത്തുന്നു. അതുകൊണ്ടു തന്നെ ആ വാർത്തയും തലക്കെട്ടിനപ്പുറം വായിച്ചു നോക്കാൻ തോന്നിയില്ല.

"എന്തായാലും ഇഞ്ഞ്യൊരു കാര്യം ചെയ്യ്. പരിഷത്തിന്റെ ആൾക്കാരെ ആരെങ്കിലും കണ്ട്നോക്ക്. ഓറേട്ക്കേന്നാവുമ്പം അയിന്റ ശരിക്ക്ള്ള പിച്ചറ് ക്ട്ടും."


ശാസ്ത്രസാഹിത്യപരിഷത്തിന്റെ ശിവകുമാറിനെ കണ്ടുകിട്ടിയപ്പോൾ സന്ധ്യയായി. ക്രിക്കറ്റ് കളിയുടെ ബഹളത്തിലാണ്ട ഹൈസ്കൂൾ ഗ്രൗണ്ടിന്റെ ഒരു മൂലയ്ക്ക് അയാൾക്കൊപ്പം ഗോവിന്ദനുണ്ണി ഇരുന്നു.

"പ്രൈം മിനിസ്റ്ററുടെ നാഷണൽ എക്സ്പ്രസ്സ് ഹൈവേ പ്രൊജക്റ്റിന്റെ മോഡലിൽ നമ്മുടെ സ്റ്റേറ്റ് ഗവർമ്മെണ്ടുണ്ടാക്കിയതാണ് ഇപ്പരിപാടി. അതിന്റെ സർവ്വേയാ ഇപ്പം നടക്കുന്നത്. ഏതെങ്കിലും സ്വകാര്യ കമ്പനിക്കായിരിക്കും റോഡ് പണീടെ കോൺട്രാക്റ്റ്..."

എക്സ്പ്രസ്സ് ഹൈവേയെപ്പറ്റി താൻ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ മുഴുവൻ ശിവകുമാർ വിശദീകരിച്ചു കൊടുത്തു.

"കോട്ടയം പൊയില് ഞമ്മള്യോറ് സുഹൃത്ത്ണ്ട്, ഭക്തദാസ്. ഓറൊക്കെച്ചേർന്ന് ഇതിനെതിരെ ഒര് കമ്മിറ്റി ഇണ്ടാക്കീറ്റ്ണ്ട്. അവരെറക്കിയ ലഘുലേഖ ഞാങ്കൊണ്ടത്തരാം. അത് വായിച്ചാ ഇങ്ങക്ക് കൃത്യമായൊരൈഡിയാ കിട്ടും."

"പരിഷത്തും സി.പി.എമ്മുമൊക്കെ ഈ പ്രൊജക്റ്റിനെതിരാണല്ലോ. അപ്പോപ്പിന്നെ ഇത് നടപ്പാവോ?"



ചിത്രീകരണം : ജീവൻ

ഗോവിന്ദനുണ്ണിക്ക് അറിയേണ്ടത് അതായിരുന്നു.

“പരിഷത്ത് എതിരാന്ന്ള്ളത് നേരാ. പക്ഷേ സി.പി.എ മ്മുകാരുടെ കാര്യം അങ്ങന്യല്ല. കേരളത്തിന് നെടുങ്ങനെ എക്സ്പ്രസ്സ് ഹൈവേ വേണംന്ന് ആദ്യം ആവശ്യപ്പെട്ടത് ആരാന്നാ വിചാരം ? കഴിഞ്ഞ ലോക്സഭേല് നമ്മട എം. പി. പ്രേമജ ടീച്ചറ്. കൃഷ്ണദാസാ അയിനപ്പിന്താങ്ങിയത്. കമ്മ്യൂണിസം മാർക്സിസം ആഗോളവൽക്കരണംന്നൊക്കെ പറഞ്ഞ് നടക്കുന്നേള്ളു. ഈറ്റിങ്ങക്കും വികസനോന്ന് പറഞ്ഞാ എക്സ്പ്രസ്സ് ഹൈവേം വിമാനത്താവളോം ടൂറി സോമൊക്കെത്തന്ന്യാ.”

പഠിക്കുന്ന കാലത്ത് കോളേജിൽ എസ്.എഫ്.ഐ.യുടെ നേതാവായിരുന്ന ശിവകുമാർ തന്നെയാണോ ഈ സംസാരിക്കുന്നത് എന്ന് ആശ്ചര്യപ്പെടാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല ആ നേരത്ത് ഗോവിന്ദനുണ്ണി.

“കഴിഞ്ഞ ദെവസം മന്ത്രി ജോസഫ് കണ്ണൂരു വന്നപ്പം ഞമ്മള് കൊറച്ചാൾക്കാര് പോയി കണ്ടിന്. ഇതൊരു സാധ്യതാ പഠനം മാത്രമാണ്. നാട്ടാർക്ക് വേണ്ടെങ്കി വേണ്ടാന്ന് വെക്കും. അത്രേള്ളൂ എന്നാമന്ത്രി പറഞ്ഞത്. എന്നിറ്റോ, മലപ്പൊറത്തെത്തീറ്റ് അയാളൊര് പരിപാടീപ്പറയ്യാ, ആരെതിർത്താലും എക്സ്പ്രസ്സ് ഹൈവേ യാഥാർത്ഥ്യാക്കുംന്ന്...”

മൈതാനത്തു മാത്രമല്ല ഗോവിന്ദനുണ്ണിയുടെ ഉള്ളിലും ഇരുട്ടിന് കട്ടികൂടിക്കഴിഞ്ഞിരുന്നു. യാത്രപറയുമ്പോൾ ശിവകുമാർ സമാധാനിപ്പിച്ചു.

“നക്കാപ്പിച്ച കാശും കൊടുത്ത് വല്ല കാട്ടിലോ മലേലോ പോയിക്കോളീന്ന് പറഞ്ഞാ അങ്ങന്യങ്ങ് പോകാമ്പറ്റോ? ഞമ്മളൊക്കെ ജീവനോടിരിപ്പില്ലേ ഇവിടെ. നെയമോം കോട തീമൊന്നും കടലീത്താണുപോയിറ്റില്ലാലോ.”

ബസ്സുകാത്തുനിൽക്കുമ്പോൾ ഗോവിന്ദനുണ്ണി ആലോചിച്ചത് കോടതിയെപ്പറ്റിയാണ്. നർമ്മദയിലെ അണക്കെട്ടിന്റെ പേരിൽ എത്രായിരം പേരെയാണ് ഒഴിപ്പിച്ചുവിട്ടത്. മേധാപട്കറൊക്കെ എത്ര കാലമായി സമരം ചെയ്യുന്നു. പുരോഗതിയെന്നു കേട്ടാൽപ്പിന്നെ, കോടതിക്കും മനുഷ്യനെ വേണ്ടാതാവുകയല്ലേ?

വീട്ടിലേക്കുള്ള വഴിയിൽ, പുതിയ വീടിനു മുന്നിലെത്തിയപ്പോൾ ഗോവിന്ദനുണ്ണി ഒന്നു നിന്നു. വീടിനു മുന്നിൽ തൂക്കിയ കരിങ്കണ്ണന്റെ ചിത്രം തന്നെ നോക്കി പരിഹസിച്ചു ചിരിക്കുന്നത് ഇരുട്ടിലും അയാൾ കണ്ടു. പെട്ടെന്ന് എന്തോ ഒരു ഭയം ഗോവിന്ദനുണ്ണിയെ പിടികൂടി. അയാൾ വേഗം മുന്നോട്ടുനടന്നു. എത്ര ഇരുട്ടായാലും കണ്ണുംപൂട്ടി നടക്കാറുള്ള വഴിയാണ്. എന്നിട്ടും റോഡിൽനിന്ന് ഇടവഴിയിലേക്കിറങ്ങിയപ്പോൾ അയാളുടെ കാലിന്റെ തള്ളവിരൽ കല്ലിൽ വെച്ചുകുത്തി.

“എന്താ നേരമ്പെയ്യേ? പണിക്കരില്ലേനോ വീട്ടില്?”

ചെന്നുകയറുമ്പോൾ ബിന്ദുവിന്റെ ചോദ്യം. ഒന്നും പറയാതെ ഷർട്ടഴിച്ച് അവളുടെ കയ്യിൽ കൊടുത്ത് ഗോവിന്ദനുണ്ണി കസേരയിലേക്കു വീണു. അടുത്ത ചോദ്യം നാക്കിൽ നിന്നു വീഴാതെ പിടിച്ചു വച്ച് ബിന്ദു ഭർത്താവിന്റെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി. പിന്നെ, ‘കുടിക്കാൻ വെള്ളം കൊണ്ടരാം’ എന്നു പറഞ്ഞ് ചുമലിൽ ഉറങ്ങിക്കിടന്ന മകളുമായി അകത്തേക്കുപോയി. ‘ദെവസം കുറിച്ച് കിട്ടിയോ മോളേ?’ അകത്ത് അമ്മ ബിന്ദുവിനോട് ചോദിക്കുന്നത് ഗോവിന്ദനുണ്ണി കേട്ടു.

അന്നുരാത്രി ഉറങ്ങാൻ കിടന്നപ്പോൾ അയാൾ ഭാര്യയോട് കാര്യങ്ങളൊക്കെ പറഞ്ഞു.

“അദൊക്കെ ഇന്നോ നാള്യോ നടക്ക്ന്ന കാര്യാണോ? റോഡ് വെരുമ്പം വെരട്ടെ. അതിലും മുമ്പ് ഒര് ദെവസാങ്കി ഒര് ദെവസം ഞമ്മക്ക് ഞമ്മള വീട്ടില് താമസിച്ചൂടേ?”

ബിന്ദുവിന്റെ ചോദ്യത്തിന് അയാളുടെ തീരുമാനത്തെ മാറ്റാൻ ശക്തിയുണ്ടായിരുന്നില്ല. അയാൾ പറഞ്ഞു: “റോഡിന്റെ കാര്യത്തിൽ രണ്ടാലൊരു തീരുമാനം ഉണ്ടാവട്ടെ. എന്നിട്ടു മതി പൊരേം പൊരേക്കൂടലും.”

പിന്നീട് എല്ലാ ദിവസവും രാവിലെ എഴുന്നേറ്റ ഉടനെ ഗോവിന്ദനുണ്ണി പുതിയ വീട്ടിലേക്ക് പോകും. വീടിന്റെ പുറത്തും അകത്തും ചുറ്റി നടക്കും. പിന്നെ തിരിച്ചുപോരും. ഒരു ദിവസം തന്നെ നാലും അഞ്ചും തവണ ഇതാവർത്തിക്കും.

“എപ്പോഴാടോ ഇന്റെ പൊരേക്കൂടല്?”

കാണുന്നവരൊക്കെ ചോദിക്കും. ബിന്ദുവിനോടു പറഞ്ഞ അതേ കാര്യംതന്നെ ഗോവിന്ദനുണ്ണി ആവർത്തിക്കും.


അമ്മയെക്കൊണ്ടു പറയിച്ചിട്ടും രക്ഷയില്ലെന്നായപ്പോൾ ബിന്ദു സ്വന്തം അച്ഛന്റെ സഹായം തേടി. അതിനും ഫലമുണ്ടായില്ല. എന്നാലിനി ജോലിക്കു പോയിക്കൂടെ എന്ന ചോദ്യത്തിന്, ‘ജോലിയോ...? റോഡിന്റെ കാര്യം രണ്ടിലൊന്നാവട്ടെ, എന്നിട്ടുമതി ജോലീം കൂലീം’ എന്നായിരുന്നു മറുപടി.

സ്കൂളവധിക്ക് ദെച്ചൂട്ടിയും മക്കളും നാട്ടിലെത്തിയതറിഞ്ഞ് ഗോവിന്ദനുണ്ണി രാമൻകുട്ടി മാഷുടെ വീട്ടിലേക്കു ചെന്നു. ദെച്ചൂട്ടിയോട് സുഖവിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം തന്റെ പുതിയ വീടിനെപ്പറ്റി അയാൾ അവളെ വിശദമായി പറഞ്ഞു കേൾപ്പിച്ചു.

“സൗകര്യം കിട്ടുമ്പോ വരണം. ദെച്ചൂട്ടിക്ക് എന്റെ വീടൊക്കെ ഒന്നു കാണാലോ.”

ഇറങ്ങാൻ നേരം അവളെ ക്ഷണിക്കാനും ഗോവിന്ദനുണ്ണി മറന്നില്ല.

ബിന്ദുവിന്റെ സഹപ്രവർത്തകനായ സതീശൻ, തന്റെ വീടിന് പ്ലാൻ തയ്യാറാക്കുന്നതിന്റെ മുന്നോടിയായാണ് ഗോവിന്ദനുണ്ണിയുടെ വീട് കാണാൻ വന്നത്. ബിന്ദു പറഞ്ഞ് അതിനോട് അയാൾക്ക് താല്പര്യം തോന്നിയിരുന്നു. വീടു



ചിത്രീകരണം : ജീവൻ

**കണ്ടശേഷം** സതീശൻ ചില സംശയങ്ങൾ ചോദിച്ചതിന് ഗോവിന്ദനുണ്ണി വിശദമായിത്തന്നെ മറുപടി കൊടുത്തു. തിരിച്ചുപോകുമ്പോൾ, വീടിനെപ്പറ്റി അതുവരെ മനസ്സിലുണ്ടായിരുന്ന വേവലാതികൾ തന്നെ വിട്ടൊഴിഞ്ഞതായി സതീശൻ വിസ്മയത്തോടെ തിരിച്ചറിഞ്ഞു.

അതിനുശേഷമാണ് വീട് പണികഴിപ്പിച്ചുകൊണ്ടിരിക്കുന്നവരും അതിനു തയ്യാറെടുക്കുന്നവരും ഗോവിന്ദനുണ്ണിയെ വന്നു കാണാൻ തുടങ്ങിയത്. എക്സ്പ്രസ്സ് ഹൈവേയുടെ ഭീഷണി ഇല്ലാത്ത സമീപപ്രദേശങ്ങളിൽനിന്നായിരുന്നു ആൾക്കാരുടെ വരവ്. ലോണിന്റെ കാര്യങ്ങൾ ശരിയാക്കുന്നതുമുതൽ പുരപണിക്കുള്ള സാമാനങ്ങൾ വാങ്ങിക്കുന്നതിൽ വരെ ഉപദേശങ്ങൾ നൽകാനും ആവശ്യപ്പെടുന്നപക്ഷം ഒപ്പം ചെന്ന് സഹായിക്കാനും ഗോവിന്ദനുണ്ണി സദാ സന്നദ്ധത കാട്ടി. അകന്ന ബന്ധുവും ജില്ലയിലെ അറിയപ്പെടുന്ന എഴുത്തുകാരനുമായ പുള്ളിൽ പുഷ്പാംഗദന്റെ വീടുപണി ഏതാണ്ടു മുഴുവനായി ത്തന്നെ നോക്കിനടത്തിയത് ഗോവിന്ദനുണ്ണിയായിരുന്നു. അതു കാരണം മുക്കാൽ ലക്ഷത്തോളം രൂപ തനിക്ക് ലാഭിക്കാനായി എന്ന് പുഷ്പാംഗദൻ തന്നെ പറഞ്ഞുനടക്കുന്നുണ്ട്. വീടുപണി കഴിഞ്ഞപ്പോൾ, 'എന്റെ ഒരു സന്തോഷത്തിന്' എന്നുപറഞ്ഞ് പുഷ്പാംഗദൻ കുറച്ചു പണം ഗോവിന്ദനുണ്ണിയെ പിടിപ്പിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ അയാൾ സ്വീകരിച്ചില്ല. 'പൈസ തന്ന് ഇങ്ങളെന്നെ അപമാനിക്കരുത് പുഷ്പേട്ടാ. ഞാനിതൊക്കെ ചെയ്യുന്നത് എന്റെയൊരു മനസ്സുഖത്തിനാ' ഇതായിരുന്നു ഗോവിന്ദനുണ്ണിയുടെ മറുപടി.

സതീശന്റെ വീടുപണി പൂർത്തിയാവാൻ വർഷം നാലു പിടിച്ചു. അച്ഛന്റെ പെട്ടെന്നുള്ള അസുഖവും മരണവുമായിരുന്നു കാരണം. രണ്ടായിരത്തിലെ ഓണക്കാലത്ത് കുറ്റിയടിച്ച വീടിന്റെ പാലുകാച്ചൽ ചടങ്ങ് വീണ്ടുമൊരു ഓണക്കാലത്തായി. ഗൃഹപ്രവേശനത്തിന് തിയ്യതി നിശ്ചയിച്ചപ്പോൾ, ആദ്യം ക്ഷണിക്കുന്നത് ഗോവിന്ദനുണ്ണിയെത്തന്നെ വേണമെന്ന് അയാൾക്ക് നിർബന്ധമുണ്ടായിരുന്നു.

"രാവിലെ നേരത്തെ വന്നില്ലെങ്കിൽ ഏട്ടൻ എവിടേക്കെങ്കിലും പോയ്ക്കളയും."

ബിന്ദുവിന്റെ മുന്നറിയിപ്പുണ്ടായിരുന്നതുകൊണ്ട് സതീശൻ അതിരാവിലെത്തന്നെ ബൈക്കുമെടുത്ത് പുറപ്പെട്ടു.

കാട്ടിമുക്കിൽനിന്ന് എലാങ്കോട് റോഡിലേക്ക് തെറ്റിയതേയുള്ളൂ, എതിരെ ധൃതിയിൽ വരുന്നയാളെ സതീശന് ദൂരത്തുനിന്നേ മനസ്സിലായി.

"ഇദാര്, സതീശമ്മാഷോ. ഇങ്ങളേട്ത്തേക്കാ ഈ രാവിലെ?"

"ഞാനിങ്ങളെ കാണാനെറങ്ങ്യതാ."

"ഓ, ബിന്ദു പറഞ്ഞതിന് ഇങ്ങള ഹൗസ് വാമിങ്ങിന്റെ കാര്യം. പിന്നെ മാഷേ, ഇങ്ങളൊന്നും വിചാരിക്കറ്. എനക്ക് അത്യാവശ്യായിറ്റൊന്ന് കോഴിക്കോട്ടിന് പോണം. ഇങ്ങള് കാര്യൊക്കെ ബിന്ദൂനോട് പറഞ്ഞാമതി. ഞങ്ങളെന്തായാലും എത്തിക്കോളാം."

സതീശൻ ബൈക്കു തിരിച്ചു.

"ഇങ്ങള് കേര്യാട്ടെ. ഞാൻ ബസ് സ്റ്റോപ്പില് വിട്ടേരാം."

കയ്യിലെ ചെറിയ കറുത്ത ലതർബാഗ് തോളിൽ ഇറുക്കി വച്ചശേഷം ഗോവിന്ദനുണ്ണി ബൈക്കിനു പിന്നിൽ കയറി.

"കോഴിക്കോട്ടെന്താ അത്യാവശ്യം?"

ബൈക്ക് മുന്നോട്ടെടുത്തപ്പോൾ സതീശൻ കുശലം ചോദിച്ചു.

"അതോ, ഇന്നലെ രാത്രി മുനീറ് വിളിച്ചിരുന്നു. മന്ത്രി മുനീറേ. ഓറ് പുതിയൊരു വീട് വെക്കാൻ ആലോയ്ക്ക്ന്ന്ണ്ട്ന്ന്. അയിന്റ കാര്യം സംസാരിക്കാൻ ഒന്നാടം വരെ ചെല്ലാമോന്നു ചോദിച്ചു..."

അപ്പോഴേക്കും ബൈക്ക് ബസ്സ്റ്റോപ്പിലെത്തി. കോഴിക്കോടേക്കുള്ള ബസ്സും വരുന്നുണ്ടായിരുന്നു.

"എന്നാ മാഷേ, പറഞ്ഞപോലെ..."

ബൈക്കിൽനിന്നും ചാടിയിറങ്ങി ഗോവിന്ദനുണ്ണി ബസ്സിൽ പാഞ്ഞുകയറി.

ബസ്സ് കണ്ണിൽനിന്നും മറഞ്ഞിട്ടും ബിന്ദുവിനെ കാണാൻ പോകണോ വേണ്ടയോ എന്ന് തീരുമാനമെടുക്കാനാവാതെ നിൽക്കുകയായിരുന്നു സതീശൻ.


കേരളീയം

താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ തേടുന്നു.

**മാർക്കറ്റിങ്ങ് മാനേജർ**

ലക്ഷ്യോന്മുഖമായി വിജയിക്കാൻ ശേഷിയുള്ള ബിരുദധാരിയായ കഠിനാധ്വാനി. ഒരു സംഘത്തെ പ്രചോദിപ്പിക്കാനും നയിക്കാനുമുള്ള ആശയവിനിമയശേഷിയും നേതൃത്വപാടവും ഉണ്ടായിരിക്കണം. മൂന്ന് വർഷത്തിൽ കുറയാത്ത വിപണന പരിചയം നിർബന്ധം. ഒരു പത്രമാസിക പ്രസിദ്ധീകരണ സ്ഥാപനത്തിലെ പ്രവർത്തിപരിചയം അഭികാമ്യം.

**മാർക്കറ്റിങ്ങ് എക്സിക്യൂട്ടീവ്**

(സർക്കുലേഷൻ & അഡ്വർടൈസ്മെന്റ്)

ചുറുചുറുക്കും ആത്മവിശ്വാസവും കഠിനദ്ധ്വാനവും കൈമുതലായുള്ള യാത്രയിൽ തല്പരരായ 20-35 വയസ്സുള്ള ബിരുദധാരികൾ. വിപണന പരിചയമുള്ളവർക്ക് മുൻഗണന.

**സബ് എഡിറ്റർ / റിപ്പോർട്ടർ**

സാമൂഹ്യ പരിസ്ഥിതി വിഷയങ്ങളിൽ സജീവതാല്പര്യം, സ്വയം മുന്നിട്ടിറങ്ങി വാർത്തകൾ/വിശകലനങ്ങൾ/ഫീച്ചറുകൾ തയ്യാറാക്കുന്നതിനുള്ള തെളിയിക്കപ്പെട്ട കഴിവുകൾ, അറിയിപ്പെട്ട ഒരു സ്ഥാപനത്തിൽ നിന്ന് പത്രപ്രവർത്തന പരിശീലനം പൂർത്തിയാക്കിയിരിക്കണം. ഇംഗ്ലീഷ്, മലയാളം പ്രാവീണ്യത്തിനു പുറമെ രണ്ട് വർഷത്തെ മാധ്യമ പരിചയം ഉണ്ടായിരിക്കണം.

*സ്വന്തം കൈപ്പടയിലെഴുതിയ വിശദമായ ബയോഡാറ്റയോടൊപ്പം അപേക്ഷ 10 ദിവസത്തിനകം മാനേജിങ്ങ് എഡിറ്റർ, കേരളീയം, തൃശൂർ-21 എന്ന വിലാസത്തിൽ അയയ്ക്കുക.*